(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) കോർപ്പറേഷൻ വായ്പാ വിതരണം ചെയ്യുന്നത് ഘട്ടം ഘട്ടമായിട്ടാണ്. ഓരോഘട്ടത്തിലും സംരംഭകന്റെ മുതൽമുടക്ക് നിജപ്പെടുത്തി അതിൻമേൽ അർഹതപ്പെട്ട വായ്പ തുകയാണ് വിതരണം ചെയ്യാറുള്ളത്. ഈ കൊടുക്കുന്ന തുകയാണ് അടുത്ത ഘട്ടത്തിലേക്ക് മുടക്കുന്നത്. ഈ രീതിയിൽ വായ്പ വിതരണം ചെയ്താൽ മാത്രമേ പദ്ധതി യഥാസമയം പൂർത്തീകരിക്കുമെന്ന് ഉറപ്പുവരുത്താൻ സാധിക്കുകയുള്ളു. സാധാരണ രീതിയിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് ഒരു വർഷം മുതൽ 2 വർഷം വരെയാണ് സമയം അനുവദിക്കാറുള്ളത്. ഈ സമയത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കിയില്ലെങ്കിൽ വായ്പ തുക അതിനനുസരിച്ച് പരിമിതപ്പെടുത്താറുണ്ട്. എന്നാൽ സംരംഭകന്റെ അപേക്ഷ പ്രകാരം കോർപ്പറേഷന് ബോദ്ധ്യമായാൽ സമയം നീട്ടിക്കൊടുക്കാറുണ്ട്. സംരംഭകന്റെ ആവശ്യപ്രകാരമല്ലാതെ യാതൊരു കാരണവശാലും പദ്ധതി നടപ്പാക്കുന്ന കാലാവധി നീട്ടിക്കൊടുക്കാറില്ല.

(എച്ച്) ചെറുകിട വ്യവസായങ്ങൾക്ക് വായ്പ നല്കുന്നത് 15.5 ശതമാനത്തിനും ഇടത്തരം വ്യവസായങ്ങൾക്കും സേവനോപകാരപ്രദമായ സംരംഭങ്ങൾക്കും 16 ശതമാനം വരെയുമാണ് പരമാവധി പലിശ ചുമത്തുന്നത്.

(ഐ) ഉണ്ട്.

(ജെ) കോർപ്പറേഷന്റെ പ്രധാന ധനാഗമമാർഗ്ഗങ്ങൾ സിഡ്ബി (SIDBI), ഐ.ഡി.ബി.ഐ. (IDBI) എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള പുനർവായ്പ, മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവയാണ്. കോർപ്പറേഷന്റെ പലിശ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത് മുകളിൽ പറഞ്ഞകാര്യങ്ങളെ അടിസ്ഥാനമാക്കിയാണ്. കൂടാതെ വീഴ്ച വരുത്തുന്ന വ്യവസായികളിൽനിന്നും 2% പിഴപലിശ ഈടാക്കാറുണ്ട്.

കെ. എഫ്. സി. യിൽനിന്നും വായ്പയെടുത്ത് പി.വി.സി. പൈപ്പ് നിർമ്മാണ വ്യവസായം തുടങ്ങിയവർ

13 (1068) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.വി.സി. പൈപ്പ് നിർമ്മാണം ആരംഭിക്കുവാൻ കെ.എഫ്.സി. യിൽ നിന്നും വ്യവസായ വായ്പയെടുത്തവർ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പി.വി.സി. പൈപ്പുകൾ നിർമ്മാണവ്യവസായം തുടങ്ങാൻ കെ.എഫ്.സി.യിൽ നിന്നും വായ്പയെടുത്തതിനുശേഷം വായ്പ തിരിച്ചടക്കാതെ വ്യവസായം പൂട്ടിപ്പോവുകയും കെ.എഫ്.സി. ക്കുവേണ്ടി റവന്യൂ റിക്കവറി ആവുകയും ചെയ്ത എത്ര സ്ഥാപനങ്ങളുണ്ട്; അവ ഏതൊക്കെയാണ്; അതിന്റെ വ്യവസായസംരംഭകർ ആരൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുവാനുതകും വിധം ഉദാരമായ വ്യവസ്ഥകൾ ഏർപ്പെടുത്താൻ സർക്കാർ ശ്രമിക്കുമോ ?

ഉത്തരം

(എ) 67 പേർ.

(ബി) 9 സ്ഥാപനങ്ങൾ. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ടി സ്ഥാപനങ്ങളിൽ ഷാജു പ്ലാസ്റ്റിക് പ്രോഡക്ട്സ്, യൂണിവേഴ്സൽ പൈപ്പ് ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങൾ വിറ്റുപോയിട്ടുള്ളതാണ്. ബാക്കിയുള്ള വ്യവസായ യൂണിറ്റുകളിൽ വിജയകരമായി പ്രവർത്തിച്ച് വായ്പ തിരിച്ചടക്കാൻ കഴിയുമെന്ന് ബോദ്ധ്യപ്പെടുത്തുന്നവരുടെ കാര്യം അനുഭാവപൂർവം പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

കെ. എസ്. എഫ്. ഇ. യുടെ വായ്പാ നടപടിക്രമം

14 (1069) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.യുടെ വിവിധ സ്കീം പ്രകാരം വായ്പയെടുക്കുന്നവർക്ക് വായ്പാ നടപടിക്രമം ലളിതമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ബി) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്ന 2000-ാം ആണ്ടിൽ കുടിശ്ശികതുക പിരിച്ചെടുക്കുവാൻ പിഴപ്പലിശ ഒഴിവാക്കി കൂടുതൽ ഉദാരമായ നടപടികൾ സ്വീകരിക്കുവാൻ നടപടിയെടുക്കുമോ ;

(സി) 1998-99-ലെ സാമ്പത്തികവർഷം എത്ര തുക സ്ഥാപനം വായ്പ കൊടുത്തുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) വായ്പാ നടപടിക്രമം ലളിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വിശദാംശങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) 34690.12 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്.

മുക്കത്ത് കെ.എസ്.എഫ്.ഇ. യുടെ ബ്രാഞ്ച്

15 (1070) ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുക്കം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള ശുപാർശ കെ.എസ്.എഫ്.ഇ. ധനകാര്യവകുപ്പിന്റെ അനുവാദത്തിനു സമർപ്പിച്ചിട്ടുണ്ടോ ;

---

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം- II

[22-12-1999-ലെ നക്ഷത്രചിഹ്നമിടാത്ത 13 (1068)-ാം നമ്പർ ചോദ്യം ദയവായി കാണുക]

നമ്പർ	സംരംഭകൻ	സ്ഥാപനം
1.	ശ്രീ. പി. രാമചന്ദ്രൻ നായർ	ശക്തി പോളിമേഴ്സ്, കഠിനംകുളം, ചിറയിൻകീഴ്, തിരുവനന്തപുരം.
2.	ശ്രീ. ജോസഫ് സിറിയക് ചാഴിക്കാട്.	ഷാജു പ്ലാസ്റ്റിക് പ്രോഡക്ട്സ്, വെളിയന്നൂർ, കോട്ടയം.
3.	ശ്രീ. സിറിയക് മാത്യു	യൂണിവേഴ്സൽ പൈപ്പ്, ഇൻഡസ്ട്രീസ്, ഈരാറ്റുപേട്ട.
4.	ശ്രീ. പി. സി. ജെയിംസ്	മാസ്റ്റർ പൈപ്സ്, ഗോതുരുത്ത്, നോർത്ത് പറവൂർ, എറണാകുളം.
5.	ശ്രീ. പി. വി. പൗലോസ്	സതേൺ പ്ലാസ്റ്റിക്സ്, മൂവാറ്റുപുഴ
6.	ശ്രീ. ബാബു ജോസഫ്	മേമന പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്, കാഞ്ഞൂർ.
7.	ശ്രീ. ഏലിയാസ് കെ. വർഗീസ്	സിഡ്കോ ഏജിനീയറിംഗ് എന്റർപ്രൈസ്സ്, അങ്കമാലി.
8.	ശ്രീ. ടി. കെ.സോമൻ	സ്മിതാ പ്ലാസ്റ്റിക്സ്, കാഞ്ഞൂർ.
9.	ശ്രീ. പി. ഡി. ജയ്സൺ	മറിയം പ്ലാസ്റ്റിക്സ്, കൂട്ടാല തൃശ്ശൂർ.

LIBRARY ARCHIVES Kerala Legislative Assembly